# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3398** **25.10.2021-ൽ** മറുപടി നൽകിയത്

**([redacted] മറുപടി)**

## പുരാരേഖകളുടെ ഡിജിറ്റലൈസേഷൻ

**ചോദ്യം**

ശ്രീ. ടി.വി.ഇബ്രാഹിം

**ഉത്തരം**

ശ്രീ. അഹമ്മദ് ദേവർകോവിൽ
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ആർക്കൈവ്സ് ഡയറക്ടറേറ്റിലും കോഴിക്കോട്, എറണാകുളം ആർക്കൈവ്സ് മേഖലാ ഓഫീസുകളിലും എത്ര പുരാരേഖകൾ ഡിജിറ്റലൈസ് ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ആർക്കൈവ്സ് ഡയറക്ടറേറ്റിലും വകുപ്പിന്റെ മേഖലാ ഓഫീസുകളായ എറണാകുളം, കോഴിക്കോട്, റീജിയണൽ ആർക്കൈവ്സുകളിലും ഡിജിറ്റൈസ് ചെയ്ത പുരാരേഖകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**ഡയറക്ടറേറ്റ്, തിരുവനന്തപുരം**<br>പേപ്പർ റിക്കാർഡുകൾ- 71,40,229 പേജുകൾ (ഡയറക്ടറേറ്റ്, സെൻട്രൽ ആർക്കൈവ്സ് )<br>മൈക്രോഫിലിം - 1,25,000 films<br>ക്യാബിനറ്റ് റിക്കാർഡ്സ്-9,60,000 പേജുകൾ<br>**സെൻട്രൽ ആർക്കൈവ്സ്, തിരുവനന്തപുരം**<br>താളിയോല റെക്കോർഡ്സ് - 27,89,234 ചുരുണ ഓലകൾ<br>**റീജിയണൽ ആർക്കൈവ്സ്, എറണാകുളം**<br>പേപ്പർ റിക്കാർഡ്സ് -10,30,000 പേജുകൾ<br>താളിയോല റിക്കാർഡ്സ്-1,25,000 ചുരുണ ഓലകൾ<br>**റീജിയണൽ ആർക്കൈവ്സ്, കോഴിക്കോട്**<br>പേപ്പർ റിക്കാർഡ്സ് -6,75,000 പേജുകൾ |
| (ബി) | പ്രസ്തുത ജോലി ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും എന്നാണ് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ; | (ബി) | വകുപ്പിലെ ഡിജിറ്റൈസേഷൻ പദ്ധതികൾ നിർവ്വഹിച്ചത് M/s Atelier Outsourcing Solutions, C-Dit എന്നീ ഏജൻസികളാണ്. പ്രസ്തുത ഏജൻസികളെ ചുമതലപ്പെടുത്തിയ തീയതികൾ ചുവടെ ചേർക്കുന്നു.<br>**M/s Atelier Outsourcing Solutions:-** 11.11.2008 |

| | | | |
|---|---|---|---|
| | | | C-Dit:- 24.12.2008 മുതൽ 27.05.2020 വരെയുള്ള വിവിധ തീയതികളിൽ |
| (സി) | ഇതിലേക്കായി എത്ര കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഇതുവരെ അനുവദിച്ചുവെന്നും എത്ര ചെലവഴിച്ചു വെന്നും വ്യക്ത മാക്കാമോ; | (സി) | ഇതിലേയ്ക്കായി ആകെ അനുവദിച്ച തുക - 10,44,16,776/- (പത്തു കോടി നാൽപ്പത്തി നാലു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി എഴുപത്തി ആറ് രൂപാ മാത്രം)<br>കേന്ദ്ര ഗ്രാന്റ് - 1,86,22,061/-<br>സംസ്ഥാന ഫണ്ട് - 8,57,94,715/-<br>ആകെ ചെലവഴിച്ചത്:- 9,37,80,450/-(ഒമ്പത് കോടി മുപ്പത്തി ഏഴ് ലക്ഷത്തി എൺപതിനായിരത്തി നാനൂറ്റി അൻപത് രൂപാ മാത്രം)<br>കേന്ദ്ര ഗ്രാന്റ് - 1,86,22,061/-<br>സംസ്ഥാന ഫണ്ട് - 7,51,58,389/- |
| (ഡി) | ഡിജിറ്റലാക്കിയ രേഖ ഓൺലൈനിൽ ലഭ്യമാണോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | രേഖകൾ ഓൺലൈനിൽ ഇപ്പോൾ ലഭ്യമല്ല. ഇവ സെർവറുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**